(ബി) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിലെ കുമ്പടാജ ഗ്രാമപഞ്ചായത്തിൽ മലയാളം മീഡിയം ഉള്ള ഒരു ഹൈസ്കൂൾ പോലും ഇല്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; ഇതുമൂലം രക്ഷിതാക്കളും കുട്ടികളും അനുഭവിക്കുന്ന ക്ലേശങ്ങൾ പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു

സംസ്ഥാനത്തെ പ്ലസ് ടു സ്കൂളുകൾ-അദ്ധ്യാപകരുടെ ഒഴിവുകൾ

77 (2986) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്ലസ് ടു സ്കൂളുകളുണ്ട് ; എയ്ഡഡ് മേഖലയിൽ എത്ര ; സർക്കാർ മേഖലയിലെത്ര ;

(ബി) നിലവിലുള്ള മൊത്തം ബാച്ചുകൾ എത്ര ; എയ്ഡഡ് മേഖലയിലെത്ര ; സർക്കാർ മേഖലയിലെത്ര ;

(സി) സർക്കാർ ഹയർസെക്കന്ററി മേഖലയിൽ നിലവിൽ എത്ര അദ്ധ്യാപകരുണ്ട് ; അതിൽ ഗസ്റ്റ് അദ്ധ്യാപകർ എത്ര ; എയ്ഡഡ് മേഖലയിലെ പ്ലസ് ടു സ്കൂളുകളിൽ മൊത്തം എത്ര അദ്ധ്യാപകരുണ്ട് ; അതിൽ ഗസ്റ്റ് അദ്ധ്യാപകർ എത്ര ;

(ഡി) സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട് ?

ഉത്തരം

(എ)	ആകെ	-	2046
	ഗവൺമെന്റ്	-	816
	എയ്ഡഡ്	-	823
	റെസിഡൻഷ്യൽ-ഗവൺമെന്റ്	-	13
	സ്പെഷ്യൽ സ്കൂൾ-ഗവൺമെന്റ്	-	2

LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ സ്കൂൾ - എയ്ഡഡ്	-	8
അൺ-എയ്ഡഡ്	-	362
സ്പെഷ്യൽ സ്കൂൾ അൺ എയ്ഡഡ്	-	5
ടെക്നിക്കൽ (ഐ.എച്ച്.ആർ.ഡി.)	-	17

(ബി) ആകെ - 7220

എയ്ഡഡ് - 3267

സർക്കാർ - 2723

(സി) സർക്കാർ ഹയർസെക്കന്ററി മേഖലയിൽ നിലവിൽ 11712 അദ്ധ്യാപകരുണ്ട്. സർക്കാർ സ്കൂളുകളിൽ അനുവദനീയമായ തസ്തികകളിൽ അദ്ധ്യാപകരില്ലെങ്കിൽ പ്രിൻസിപ്പൽമാരാണ് നിയമാനുസൃതം ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത്. അതിനാൽ ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം സർക്കാരിൽ ലഭ്യമല്ല. എയ്ഡഡ് ഹയർസെക്കന്ററി മേഖലയിൽ 12335 അദ്ധ്യാപകരുണ്ട്. എയ്ഡഡ് ഹയർസെക്കന്ററി മേഖലയിൽ 388 ഗസ്റ്റ് അദ്ധ്യാപകരുണ്ട്.

(ഡി) 2404 ഒഴിവുകൾ .

സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകൾ

78 (2987) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങളിലായി എത്ര അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾ ഉണ്ടെന്ന് വിശദമാക്കുമോ ;

(സി) അംഗീകാരമുള്ളതും ഇല്ലാത്തതുമായ സ്കൂളുകളിൽ എത്ര വീതം കുട്ടികൾ അദ്ധ്യയനം നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly